"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റ് നടത്തിയ ട്രാപ് കേസ്- കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സോമൻ കെ.കെ., അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ശ്രീധിൻ എസ് എന്നിവരെ വേല വിലക്കിയ ഉത്തരവിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഊർജ്ജ (എ) വകുപ്പ്

സ.ഉ.(സാധാ) നം.86/2024/POWER തീയതി,തിരുവനന്തപുരം, 22-05-2024

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ 31.05.2023-ലെ VC 08/23/KTM നമ്പർ കത്ത്.
2. സ.ഉ.(സാധാ.) നം. 98/2023/POWER തീയതി: 02.06.2023.
3 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.06.2023-ലെ C2-(VC-08/23/KTM)23522/2023/DVACB നമ്പർ കത്ത്.

**ഉത്തരവ്**

ഇലക്ട്രിക്കൽ സ്കീം അപ്രൂവലിനായി സമർപ്പിച്ച അപേക്ഷയിന്മേൽ കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ശ്രീ.പീറ്റർ സിറിയക് എന്നയാൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റിൽ ഫയൽ ചെയ്ത പരാതിയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയ ശ്രീ.സോമൻ കെ.കെ-യെ ഒന്നാം പ്രതിയായും, ടി കാര്യാലയത്തിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ശ്രീധിൻ എസ്-നെ രണ്ടാം പ്രതിയായും 31.05.2023-ന് കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് അന്നേ ദിവസം അറേഞ്ച് ചെയ്ത ട്രാപ്പിൽ പരാതിക്കാരന്റെ കയ്യിൽ നിന്നും കൈക്കൂലി ആവശ്യപ്പെട്ട് ആയത് കൈപ്പറ്റിയ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സോമൻ കെ.കെ.-യുടെ പക്കൽ നിന്നും ട്രാപ്പ് മണിയായ 10000/- രൂപ ബന്തവസ്സിൽ എടുക്കുകയും 31.05.2023-ന് 2 പി.എം-ന് ടിയാനെ അറസ്റ്റ് ചെയ്യുകയും 13.06.2023 വരെ റിമാന്റ് ചെയ്യുകയും ചെയ്തിരുന്നു എന്ന് പരാമർശം 1), 3) എന്നിവ പ്രകാരം റിപ്പോർട്ടു ചെയ്തിരുന്നു.

2) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വി.സി. 08/2023/കെ.റ്റി.എം. U/s 7 (a) (b) of PC Act 1988 as amended by Prevention of Corruption (Amendment) Act 2018 പ്രകാരമുള്ള വിജിലൻസ് ട്രാപ് കേസിലെ ഒന്നാം പ്രതിയായ കോട്ടയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. സോമൻ കെ.കെ-യെയും, രണ്ടാം പ്രതിയായ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ശ്രീധിൻ എസ്-നെയയും ഉടനടി പ്രാബല്യത്തിൽ വേലവിലക്കി

പരാമർശം 2) പ്രകാരം ഉത്തരവായിരുന്നു.

3)ശ്രീ.സോമൻ കെ.കെ.-യുടെ പക്കൽ നിന്നും ട്രാപ്പ് മണിയായ 10000/- രൂപ ബന്തവസ്സിൽ എടുക്കുകയും 31.05.2023-ന് 2 പി.എം-ന് ടിയാനെ അറസ്റ്റ് ചെയ്യുകയും 13.06.2023 വരെ റിമാന്റ് ചെയ്യുകയും ചെയ്തതിനാൽ KSR Part I Rule-57, KCS(CCA)Rule-10(3) എന്നിവ പ്രകാരം ശ്രീ.സോമന്റെ വേലവിലക്കിന് ഉടനടി പ്രാബല്യത്തിൽ എന്നതിനു പകരം അറസ്റ്റിലായ തീയതി മുതൽ അതായത് 31.05.2023 തീയതി മുതൽ പ്രാബല്യം നൽകി പരാമർശം 2) ലെ ഉത്തരവിന് ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) മേൽ ഭേദഗതിയോടെ പരാമർശം 2)ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHY C S
ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 23-05-2024 14:41:54
സെക്ഷൻ ഓഫീസർ